ശ്രീ. കെ. സി. ജോർജ്ജ് : ഇപ്പോൾ ആലോചനയില്ല.

ശ്രീ. എം. ഗോപാലൻകുട്ടി നായർ : അല്ല് ഏറ്റവും പറ്റിയ ഒരു സ്ഥലമാണെന്നറിയാമോ ?

ശ്രീ. കെ. സി. ജോർജ്ജ് : പറ്റിയ സ്ഥലമാണോ എന്നു് അനേഷിച്ചു പറയാൻ സാധിക്കുകയില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഗവണ്മെൻറിന്റെ അനുമതിയുടെ മുഗങ്ങളെ വേട്ടയാടി നശിപ്പിക്കുന്നുണ്ടെന്നറിയാമോ ?

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെ നശിപ്പിച്ചാൽ അതിനു നടപടി യെടുക്കാൻ ഏർപ്പാടുകൾ ഉണ്ടു്.

ശ്രീ. പി. ടി. ചാക്കോ : കോട്ടയം ഡിസ്ട്രിക്ടിൽ പബ്ലിക്കേഷൻ ഉൾപ്പെട്ടിട്ടുള്ള സ്ഥലത്തു് കാടും ഇല്ല, മൃഗങ്ങളുമില്ല ; ഉള്ളതു് രണ്ടുകാലുള്ള മൃഗങ്ങളാണെന്നറിയാമോ ?

ശ്രീ. കെ. സി. ജോർജ്ജ് : അറിവില്ല.

മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ.

* 1522. [10] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളെപ്പറ്റി ആലോചിച്ചു് ഏതെങ്കിലും നക്കൽ ഗവണ്മെൻറു് രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മൂന്നാം പഞ്ചവത്സരപദ്ധതിയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളും, വ്യവസായങ്ങളും എന്തൊക്കെയാണെന്നു് വെളിപ്പെടുത്തുമോ ;

(സി) മൂന്നാംപഞ്ചവത്സരപദ്ധതികളിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെപ്പറ്റി കേന്ദ്രഗവണ്മെൻറോ, പ്ലാനിംഗ് കമ്മീഷനോ വല്ല നിർദ്ദേശവും ഗവണ്മെൻറിനു നൽകിക്കഴിഞ്ഞിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാടു്) :

(എ) ഇല്ല; മൂന്നാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനം ആരംഭിച്ചിട്ടേയുള്ളു.

(ബി) ഇപ്പോൾ മൂന്നാം പഞ്ചവത്സരപദ്ധതിയെപ്പറ്റിയുള്ള പൊതു പ്രശ്നം ആണു് ചർച്ച ചെയ്യുന്നതു്.

(സി) ഇല്ല.

ശ്രീ. എം. എം. മത്തായി : മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന വ്യവസായങ്ങളെപ്പറ്റിയും, വൻകിട പദ്ധതികളെപ്പറ്റിയും ഗവണ്മെൻറു് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാടു് : അതിനെ സംബന്ധിച്ചു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. പ്രകാശം : ഏതെല്ലാം വ്യവസായങ്ങൾ നടപ്പിലാക്കണമെന്നു് ആലോചിക്കുന്നതിനു് ഒരു വർക്കിംഗ് ഗ്രൂപ്പു് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാടു് : വർക്കിംഗ് ഗ്രൂപ്പു്, ഓഫിഷ്യൽ ലവലിൽ ഇപ്പോൾത്തന്നെ രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ലീലാ ദാമോദരമേനോൻ : മൂന്നാം പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പിനായി എല്ലാ ഡിപ്പാർട്ടുമെൻറുകളിലും അഡൈവസർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : മിക്ക ഡിപ്പാർട്ടുമെൻറുകളിലും അതാതു ഡിപ്പാർട്ടുമെൻറുകളിൽ ഉൾപ്പെട്ടതോണ്ട സ്കീമുകളെപ്പറ്റി പരിശോധിക്കുന്നതിനുവേണ്ടി, ഓരോ വകുപ്പിനെ ശുപാർശ ചെയ്തിട്ടുണ്ട് ; മിക്കവാറും ശുപാർശ കഴിഞ്ഞു ; ബാക്കിയുള്ളതു് ഉടനെ ശുപാർശ ചെയ്യുന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് ഭക്ഷ്യോൽപ്പാദനത്തിനു് ഏറ്റവും പ്രാധാന്യം നൽകണമെന്നുള്ള പ്രസ്താവനയുടെ വെളിച്ചത്തിൽ, ഈ കാര്യത്തിൽ ഗവണ്മെൻറു് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഉണ്ട് ; വകുപ്പ് അതിനെപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീമതി ലീലാ ദാമോദരമേനോൻ : എല്ലാ ഡിപ്പാർട്ടുമെൻറിലും വകുപ്പുകളും സംബന്ധിച്ചിട്ടുണ്ടെന്നു പറയുന്നു. ഭക്ഷ്യവകുപ്പിനെ സംബന്ധിച്ചിടത്തോളം, ഉപദേശം നൽകുന്നതിനായി പുറമേനിന്നും ഒരു ഉപദേഷ്ടാവിനെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഉണ്ട്.

ശ്രീമതി ലീലാ ദാമോദരമേനോൻ : ഈ ഡിപ്പാർട്ടുമെൻറിൽ മാത്രം ഒരു പ്രത്യേക ഉപദേഷ്ടാവിനെ നിയമിക്കാൻ കാരണമെന്താണ് ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : അതിൻറെ പ്രാധാന്യംകൊണ്ടുതന്നെ

ശ്രീ. എൻ. ഇ. ബലറാം : മൂന്നാം പഞ്ചവത്സരപദ്ധതിയുടെ മുഖ്യലക്ഷ്യം ഭക്ഷ്യോൽപ്പാദനമാണെന്നു് തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : മുഖ്യലക്ഷ്യങ്ങളിൽ ഒന്നാണതു്.

പേരൂർ ഗാന്ധിസേവാശ്രമം.

* 1523. [11] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പാലക്കാട്ടു ജില്ലയിൽ പത്തിരിപ്പാലയ്ക്കു സമീപമുള്ള പേരൂർ ഗാന്ധിസേവാശ്രമത്തിനു് ഇതുവരെയായി ഖാദി കമ്മീഷൻ ഏതു സംഖ്യയോളമായിട്ടും സബ്സിഡിയായിട്ടും കൊടുത്തിട്ടുണ്ടു് ;

(ബി) ഏതെല്ലാം ഇനങ്ങൾക്കുവേണ്ടി ;

(സി) കേരള ഖാദിബോർഡു് വല്ല തുകയും അനുവദിച്ചുകൊടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതിനങ്ങൾക്കു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ, ബി) അറിവില്ല.

(സി) ഉണ്ടു്.

(ഡി) ഗ്രാമീണ എണ്ണയാട്ടു വ്യവസായങ്ങൾ, ചക്കുനിർമ്മാണത്തിനു് മുൻപായി 4750 രൂപ, ഗ്രാൻറു് 1750 രൂപ, കൈക്കുത്തരി വ്യവസായത്തിനു് ഗ്രാൻറു് 445 രൂപ, മൺവ്യവസായത്തിനു് സെയിൽസു് എസ്റ്റാബ്ലിഷ്മെൻറു് ഗ്രാൻറു് 888 രൂപ.